## ദിവ്യ ജീവന്റെ മണ്ഡലം

### I. ദൈവരാജ്യം ദിവ്യജീവന്റെ മണ്ഡലമാണ്

- ദൈവത്തിന്റെ ജീവൻ മാത്രമാണ് യഥാർഥ ജീവൻ
- നമുക്ക് [ഈ ദൈവ] ജീവൻ ഉണ്ടായിരിക്കുന്നതിനാണ് കർത്താവായ യേശു വന്നത്
- ദൈവം വാഴുകയും അവനെത്തന്നെ ആവിഷ്കരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജീവനെക്കൊണ്ട് സംരചിക്കപ്പെട്ട ദൈവത്തിന്റെ ഭരണത്തിനുള്ള മണ്ഡലമാണ് ദൈവരാജ്യം
- ദൈവരാജ്യം അതിന്റെ എല്ലാ പ്രവർത്തനങ്ങളോടുംകൂടിയ ജീവന്റെ ആകത്തുകയെന്ന നിലയിൽ ക്രിസ്തുവിലുള്ള ദൈവമാണ്
- ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നിസ്തുലമായ മാർഗം വീണ്ടുംജനനമാണ്
  - ഇപ്പോൾ നമ്മുടെ ആത്മാവിലുള്ള ദിവ്യജീവൻ ദൈവരാജ്യത്തെ അറിയുന്നു
- ദൈവരാജ്യത്തിന്റെ മണ്ഡലത്തിൽ ജീവിക്കുവാൻ നാം നാം ജീവബോധത്തെ, നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ അനുഭൂതിയെ, അന്തർബോധത്തെ പിന്തുടരണം
  - ജീവബോധത്തിന്റെ ഉറവിടം ദിവ്യജീവനും, ജീവന്റെ പ്രമാണവും, പരിശുദ്ധാത്മാവും, ക്രിസ്തു നമ്മിൽ വസിക്കുന്നതും, ദൈവം നമ്മിൽ വ്യാപരിക്കുന്നതും ആണ്
  - ജീവബോധത്തിൽ മരണത്തിന്റെ അനുഭൂതിയും ജീവന്റെയും സമാധാനത്തിന്റെയും അനുഭൂതിയും ഉൾപ്പെടുന്നു
  - ശരിയുടെയും തെറ്റിന്റെയും തത്ത്വപ്രകാരമല്ല, ജീവന്റെ തത്ത്വപ്രകാരമാണ് നാം ജീവിക്കേണ്ടത്
  - നാം ജീവബോധത്തെ പിന്തുടരണമെങ്കിൽ, ദിവ്യപകർച്ചയിലുള്ള ഒരു സാധാരണ ജീവിതം നയിച്ചുകൊണ്ട് നാം ശാന്തവും, സ്ഥിരതയുള്ളതും, സാവധാനവുമായ രീതിയിൽ ജീവിക്കണം
  - ജീവബോധം നമ്മെ വഴികാട്ടുകയും, നമ്മെ ഭരിക്കുകയും, നമ്മെ നിയന്ത്രിക്കുകയും, നമ്മെ നിർദേശിക്കുകയും ചെയ്യുന്നു
- വിശ്വാസികളുടെ ജീവന്റെ സ്രോതസ്സ് കർത്താവുമായുള്ള ജൈവിക ഐക്യത്തിലാണ്
- വിശ്വാസികളിലുള്ള ദിവ്യജീവൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ ജീവനാണ് അതിനാൽ അത് ഒരു വ്യക്തിഗത ജീവനല്ല, സംഘാത ജീവനാണ്
- അനുലോമ വശത്ത്—ദിവ്യജീവനിൽ വളരുക എന്നത് ദൈവത്തിന്റെ മൂലകത്തിന്റെ വർധനവും, ക്രിസ്തുവിന്റെ വലുപ്പത്തിന്റെ വർധനവും, പരിശുദ്ധാത്മാവിന്റെ വികാസവുമാണ്
- പ്രതിലോമ വശത്ത്—ദിവ്യജീവനിലുള്ള വളർച്ച മനുഷ്യ മൂലകത്തിന്റെ കുറവും, സ്വാഭാവിക ജീവന്റെ തകർച്ചയും, ദേഹിയുടെ എല്ലാ ഭാഗത്തിന്റെയും കീഴ്പ്പെടലും ആണ്

## ദിവ്യ വർഗത്തിന്റെ മണ്ഡലം

### III. ദൈവരാജ്യം ദിവ്യ ജീവന്റെയും ദിവ്യ ആധിപത്യത്തിന്റെയും മണ്ഡലം മാത്രമല്ല, പിന്നെയോ എല്ലാ ദിവ്യ കാര്യങ്ങളുമുള്ള ദിവ്യ വർഗത്തിന്റെ മണ്ഡലം കൂടിയാണ്

- യോഹന്നാൻ 3-ലെ ദൈവരാജ്യം ദൈവത്തിന്റെ വാഴ്ചയെക്കാളുപരി ദൈവവർഗത്തെയാണ് പരാമർശിക്കുന്നത്
- മനുഷ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം മനുഷ്യനായിത്തീർന്നു ദിവ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ മനുഷ്യൻ, ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും ദൈവമായിത്തീരുന്നു
- ദിവ്യ മണ്ഡലത്തിലേക്ക്, ദിവ്യ വർഗത്തിന്റെ മണ്ഡലത്തിലേക്ക്, പ്രവേശിക്കുന്നതിന് ദിവ്യജീവനും ദിവ്യപ്രകൃതവും ഉണ്ടായിരിക്കുവാൻ നാം ദൈവത്തിൽനിന്ന് ജനിക്കേണ്ടതാവശ്യമാണ്
  - നമുക്ക്, ദിവ്യജീവന്റെ യാഥാർഥ്യമുണ്ട് നമ്മുടെ മുഴുവൻ ആളത്തത്തിൽ നാം കർത്താവിന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുകയും അനുരൂപപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു
  - എല്ലാ ദൈവമക്കളും ദിവ്യവർഗത്തിന്റെ ദിവ്യ മണ്ഡലത്തിലാണ്
  - വിശ്വാസികൾ ദിവ്യവർഗത്തിൽ, അതായത് ദൈവരാജ്യത്തിൽ, ദൈവ-മനുഷ്യരാണ്
- ദിവ്യവർഗത്തിന്റെ മണ്ഡലമായ ദൈവരാജ്യത്തിൽ വിശ്വാസികൾ ജീവിക്കുന്നതിന്റെ വിവിധ വശങ്ങൾ
  - അവന്റെ നിറവിൽനിന്ന് നാം കൃപമേൽ കൃപ സ്വീകരിക്കുന്നു
  - നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരുന്ന ജീവ ജലത്തിന്റെ ഉറവയായി അവനെ നാം കുടിക്കുന്നു
  - അവനെ ഭക്ഷിക്കുന്നതിലൂടെ അവന്മൂലം ജീവിക്കുന്നു
  - അവന്റെ സ്നേഹത്തിൽ വസിക്കുന്നു
  - നമ്മുടെ സന്തോഷം പൂർണമാകേണ്ടതിനു വേണ്ടി മുന്തിരിവള്ളിയുടെ ശാഖകൾ എന്ന നിലയിൽ ദിവ്യ ജീവനെ ആവിഷ്കരിക്കുവാൻ ഫലം കായ്ക്കുന്നു
  - വെളിച്ചത്തിൽ ആയിരുന്നുകൊണ്ട് ദൈവം ആയിരിക്കുന്നതിനൊത്തവണ്ണം ദൈവത്തിൽ ജീവിക്കുന്നതിലൂടെ ദൈവത്തിലേക്ക് പണിതുചേർക്കപ്പെടുന്നു
  - പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന സത്യാരാധകർ ആയിരിക്കുന്നു
  - നാം അവനിൽ വസിക്കുകയും അവന്റെ തൽക്ഷണമുള്ളതും ഇന്നത്തേതുമായ റീമ വചനം നമ്മിൽ വസിക്കുകയും ചെയ്യുന്നു
  - പിതാവിനോടും പുത്രനോടും കൂടെ പരസ്പരമുള്ള ദിവ്യ മനുഷ്യ സംയോജനത്തിൽ ജീവിക്കുന്നു
  - അവൻ നമ്മെ സ്നേഹിച്ചതുപോലെ നാം അന്യോന്യം സ്നേഹിക്കുന്നു